ചന്ദ്രിക
പൊതുവാർത്തകൾ

യുക്രെയ്ൻ യുദ്ധം: പുടിൻ, ട്രംപ്, ജിൻപിങ് ഉച്ചകോടിക്ക് കളമൊരുങ്ങുന്നു

മോസ്കോ: യുക്രെയ്ൻ യുദ്ധത്തിന് അന്ത്യം കാണുന്നതിന്റെ ഭാഗമായി റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിൻ, യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് എന്നിവരുടെ നേതൃത്വത്തിൽ ത്രികക്ഷി ഉച്ചകോടിക്ക് സാധ്യതയേറുന്നു. അടുത്ത മാസം ചൈനയിൽ നടക്കുന്ന എപെക് ഉച്ചകോടിയുടെ ഭാഗമായി മൂന്ന് ലോക നേതാക്കളും കൂടിക്കാഴ്ച നടത്തിയേക്കുമെന്ന് റഷ്യ സൂചന നൽകി.

എന്നാൽ തങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള നീക്കം പുടിന് യുദ്ധം തുടരാൻ മാത്രമേ ഉപകരിക്കൂ എന്ന് യുക്രെയ്ൻ വ്യക്തമാക്കി. അടുത്ത മാസം ചൈനയിൽ നടക്കുന്ന ഏഷ്യപെസിഫിക് ഇക്കണോമിക് കോഓപ്പറേഷൻ ഉച്ചകോടിയിൽ മൂന്ന് രാജ്യങ്ങളുടെയും തലവൻമാർ പങ്കെടുക്കാൻ സാധ്യതയുള്ളതിനാൽ, ഇത്തരമൊരു കൂടിക്കാഴ്ചയെക്കുറിച്ചുള്ള ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ടെന്ന് റഷ്യൻ വക്താവ് ദിമിത്രി പെസ്കോവ് സ്ഥിരീകരിച്ചു. എങ്കിലും, യോഗത്തിന്റെ അജണ്ടയോ കൃത്യമായ രൂപരേഖയോ സംബന്ധിച്ച് തീരുമാനമായിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. പുടിൻ തന്നെയാണ് ഇത്തരമൊരു ആശയം മുന്നോട്ടുവെച്ചതെന്ന് വാൾ സ്ട്രീറ്റ് ജേർണൽ റിപ്പോർട്ട് ചെയ്തിരുന്നു. അതേസമയം, യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ യു.എസ് നടത്തുന്ന മധ്യസ്ഥ ശ്രമങ്ങളെ റഷ്യ അഭിനന്ദിക്കുന്നതായി ദിമിത്രി പെസ്കോവ് പറഞ്ഞു.

എന്നാൽ ഏതൊരു അന്തിമ സമാധാന കരാറിലും യുക്രെയ്ന്റെ സജീവ പങ്കാളിത്തം ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും ക്രെംലിൻ കൂട്ടിച്ചേർത്തു. യുക്രെയ്നിൽ ഉത്തരവാദിത്തം ഏറ്റെടുക്കാൻ തയ്യാറുള്ള ആരുടെയെങ്കിലും പങ്കാളിത്തമില്ലാതെ അന്തിമ പരിഹാരം അസാധ്യമാണെന്നാണ് റഷ്യയുടെ നിലപാട്.

email: chandrikakochi@gmail.com

ഡോ. കുഞ്ഞു മുഹമ്മദ് പുലവത്ത് രചിച്ച 'വിത്തും വെടിയുണ്ടയും' എന്ന പുസ്തകം മുസ്‌ലിം ലീഗ് നേതാവ് ടി.എ അഹ്മദ് കബീറിന് നൽകി കഥാകൃത്ത് എൻ.എസ് മാധവൻ പ്രകാശനം ചെയ്യുന്നു

'വിത്തും വെടിയുണ്ടയും' പ്രകാശനം ചെയ്തു

കൊച്ചി: ധാർമികസരണിയിലൂടെ സമൂഹത്തെ നയിക്കാൻ സഹായിക്കുന്ന പ്രചോദനാത്മക സാഹിത്യത്തിന് പ്രസക്തി വർധിച്ചതായി പ്രശസ്ത കഥാകൃത്ത് എൻ.എസ് മാധവൻ. ഡോ. കുഞ്ഞു മുഹമ്മദ് പുലവത്ത് രചിച്ച 'വിത്തും വെടിയുണ്ടയും' എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സാമൂഹ്യ മാധ്യമങ്ങളുടെ സ്വാധീനത്താൽ വിദ്യാർത്ഥികളും യുവജനങ്ങളും വ്യാപകമായി ധാർമികവും സാംസ്കാരികവുമായ അപചയത്തിന് വിധേയമാവുന്നുണ്ടെന്നും അതിനാൽ എഴുത്തുകാർ അവസരത്തിനൊത്തുയർന്ന് അവരുടെ ചിന്തകൾക്ക് ദിശാബോധം നൽകാൻ മുന്നോട്ടുവരണമെന്നും എൻ.എസ് മാധവൻ അഭിപ്രായപ്പെട്ടു. മുസ്‌ലിം ലീഗ് നേതാവ് ടി.എ അഹ്മദ് കബീർ പുസ്തകം ഏറ്റുവാങ്ങി. സംഘാടക സമിതി ചെയർമാൻ സി. എച്ച്. അബ്ദുൽ റഹീം അധ്യക്ഷത വഹിച്ചു. ഡോ. ഹുസൈൻ മടവൂർ മുഖ്യപ്രഭാഷണം നടത്തി. ജസ്റ്റിസ് പി. കെ. ഷംസുദ്ദീൻ, വേണു വി ദേശം, ഡോ.കുഞ്ഞു മുഹമ്മദ് പുലവത്ത്, അഡ്വ. പി. കെ. അബൂബക്കർ, ടി. കെ. അബ്ദുൽ സലാം എന്നിവർ സംസാരിച്ചു.ഡോ. തസ്നിം അഹ്മദ് പുസ്തക പരിചയം നടത്തി.

ഓപ്പറേഷൻ തൂഫാൻ: റസ്റ്റിലായവർ 14409 13357 കേസുകൾ

തിരുവനന്തപുരം : ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇതുവരെ 14409 പേരെ അറസ്റ്റ് ചെയ്തു. കഴിഞ്ഞ ദിവസം, 87 കേസുകളിലായി 101 പേർ കൂടി അറസ്റ്റിലായതോടെ ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി എടുത്ത കേസുകളുടെ എണ്ണം 13357 ആയി. ഇതുവരെ 27297.792 ഗ്രാം എം.ഡി.എം.എയും 1796.492 കി.ഗ്രാം കഞ്ചാവും പിടിച്ചെടുത്തിട്ടുണ്ട്. കഴിഞ്ഞ ദിവസം രജിസ്റ്റർ ചെയ്ത കേസുകളിൽ സ്മാൾ ക്വാണ്ടിറ്റി കൈവശം വച്ചതിന് 21 കേസുകളും മീഡിയം ക്വാണ്ടിറ്റി കൈവശം വെച്ചതിന് അഞ്ച് കേസുകളും കൊമേഴ്ഷ്യൽ ക്വാണ്ടിറ്റി കൈവശം വെച്ചതിന് ഒരു കേസും 27 എൻ.ഡി.പി.എസ് ആക്ട് പ്രകാരം 60 കേസുകളും കോട്പ പ്രകാരം 25 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് 33.780 ഗ്രാം എം.ഡി.എം.എയും 0.185 കി.ഗ്രാം കഞ്ചാവും പിടിച്ചെടുത്തിട്ടുണ്ട്.

സംസ്ഥാനത്തെ നടുക്കിയ നെന്മാറ ഇരട്ടക്കൊലപാതക കേസിൽ കൊല്ലപ്പെട്ട സുധാകരന്റെ മക്കളുമായി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല കൂടിക്കാഴ്ച നടത്തുന്നു

വാഹനം ഇടിച്ച് ഓസ്ട്രേലിയൻ എം.പിക്ക് ഗുരുതര പരിക്ക്

ആസൂത്രിത ആക്രമണമെന്ന് പ്രധാനമന്ത്രി

ഹെലൻ ഹെയ്ൻസ്

മെൽബൺ: ഓസ്ട്രേലിയൻ പാർലമെന്റിലെ സ്വതന്ത്ര അംഗം ഹെലൻ ഹെയ്ൻസ് (65) വാഹനാപകടത്തിൽ പരിക്കേറ്റ് ഗുരുതരാവസ്ഥയിൽ. വാങ്കരട്ടയിലെ ഇലക്ടറേറ്റ് ഓഫീസിന് പുറത്തുവെച്ച് ഒരു ടൊയോട്ട ലാൻഡ് ക്രൂയിസർ എസ്‌യുവി കാർ അവരെ ഇടിച്ചുതെറിപ്പിക്കുകയായിരുന്നു. ഗുരുതരമായി പരുക്കേറ്റ ഹെലനെ ഉടൻ തന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവം യാദൃച്ഛികമായ അപകടമല്ലെന്നും വ്യക്തമായ ലക്ഷ്യത്തോടെ നടത്തിയ ആസൂത്രിത ആക്രമണമാണെന്നും ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസ് പറഞ്ഞു. കാറിന്റെ ഡ്രൈവറായ 43കാരനെ പ്രദേശവാസികൾ ചേർന്ന് പിടികൂടി പൊലീസിൽ ഏൽപ്പിച്ചു.

തിങ്കളാഴ്ച ഉച്ചയോടെയാണ് സംഭവം. ഓഫീസിന് മുന്നിൽ നിൽക്കുകയായിരുന്ന ഹെലനെ കാർ ഇടിച്ചുതെറിപ്പിക്കുകയായിരുന്നു. വാഹനം പരിശോധിച്ച പൊലീസ് അകത്തുനിന്ന് ഒരു കത്തിയും കണ്ടെടുത്തിട്ടുണ്ട്. ആക്രമണത്തിന്റെ യഥാർത്ഥ കാരണം എന്താണെന്ന് വ്യക്തമായിട്ടില്ലെങ്കിലും സംഭവം ഗൗരവത്തോടെ കാണുന്നതായി ഭരണകൂടം വ്യക്തമാക്കി. കേസിന്റെ പശ്ചാത്തലം കണക്കിലെടുത്ത് ഓസ്ട്രേലിയൻ ഭീകരവിരുദ്ധ സേനയും ഫെഡറൽ പൊലീസും അന്വേഷണം ഏറ്റെടുത്തിട്ടുണ്ട്.

സമീപകാലത്തായി രാഷ്ട്രീയക്കാർക്ക് നേരെ വർധിച്ചുവരുന്ന ഭീഷണികളിലും സോഷ്യൽ മീഡിയയിലെ വിദ്വേഷ പ്രചാരണങ്ങളിലും പ്രധാനമന്ത്രി ആശങ്ക രേഖപ്പെടുത്തി. മുൻപ് നഴ്സായും മിഡ്വൈഫായും സേവനമനുഷ്ഠിച്ചിരുന്ന ഹെലൻ ഹെയ്ൻസ് 2019ലാണ് പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. അഴിമതി നിർമാർജനം, കാലാവസ്ഥാ വ്യതിയാനം എന്നീ വിഷയങ്ങളിൽ എടുത്ത ശക്തമായ നിലപാടുകളിലൂടെ ജനപ്രിയയായി മാറിയ നേതാവാണ് ഹെലൻ. പ്രിയനേതാവിന്റെ ജീവനായി രാജ്യം ഒന്നാകെ പ്രാർത്ഥനയിലാണെന്ന് പ്രധാനമന്ത്രി അറിയിച്ചു. നിലവിൽ മികച്ച വൈദ്യസഹായം നൽകുന്നുണ്ടെന്നും കുടുംബത്തിന്റെ സ്വകാര്യത മാനിക്കണമെന്നും ഹെലന്റെ ബന്ധുക്കൾ അഭ്യർത്ഥിച്ചു.

യു.എസ്–ഇറാൻ യുദ്ധം: ഊർജ ആഘാതതരംഗം വരാനിരിക്കുന്നു

മുന്നറിയിപ്പുമായി ഖത്തർ

ദോഹ: യുഎസ്-ഇസ്രാഈൽ ആക്രമണങ്ങളെത്തുടർന്ന് ഇറാനുമായി നിലനിൽക്കുന്ന യുദ്ധസമാനമായ സാഹചര്യങ്ങൾ കാരണം ആഗോള തലത്തിലുണ്ടായ ഊർജ പ്രതിസന്ധി ഇനിയും ഉച്ചസ്ഥായിയിൽ എത്തിയിട്ടില്ലെന്നും വരും ദിവസങ്ങളിൽ സ്ഥിതി കൂടുതൽ വഷളായേക്കാമെന്നും ഖത്തറിന്റെ മുന്നറിയിപ്പ്. ദോഹയിൽ നടന്ന ഗ്ലോബൽ സെക്യൂരിറ്റി ഫോറത്തിൽ സംസാരിക്കവേ ഖത്തർ ഉപപ്രധാനമന്ത്രിയും പ്രതിരോധ സഹമന്ത്രിയുമായ ഷെയ്ഖ് സൗദ് ബിൻ അബ്ദുൾ റഹ്മാൻ അൽതാനിയാണ് ആശങ്ക പ്രകടിപ്പിച്ചത്.

ലോക വിപണിയിലെ എണ്ണ, വാതക വിതരണത്തെയും സാമ്പത്തിക വളർച്ചയെയും ബാധിക്കുന്ന വൻ തിരിച്ചടികൾ ഇനിയും ഉണ്ടായേക്കാം എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട എണ്ണ, ദ്രവീകൃത പ്രകൃതിവാതക (എൽഎൻജി) പാതയായ ഹോർമുസ് കടലിടുക്കിലെ തടസ്സങ്ങൾ ആഗോള വിപണിയെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. മേഖലയിൽ അനിശ്ചിതത്വങ്ങൾ നിലനിൽക്കെ, ഇതുവഴി കടന്നുപോകുന്ന കപ്പലുകൾക്ക് ട്രാൻസിറ്റ് ഫീസോ മറ്റ് നികുതികളോ ഏർപ്പെടുത്തരുതെന്ന് ഖത്തർ ആവശ്യപ്പെട്ടു. ഇത് അന്തിമമായി സാധാരണ ഉപഭോക്താക്കളെയാകും ബാധിക്കുക. കഴിഞ്ഞ മാർച്ചിൽ ഖത്തറിലെ പ്രധാന വ്യാവസായിക കേന്ദ്രമായ റാസ് ലഫാന് നേരെ ഇറാന്റെ ആക്രമണമുണ്ടായപ്പോൾ തങ്ങൾ അമ്പരന്നുപോയെന്നും, ഈ കേടുപാടുകൾ തീർത്ത് പൂർവസ്ഥിതിയിലാക്കാൻ വർഷങ്ങളെടുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആക്രമണങ്ങൾ നടന്നുവെങ്കിലും അയൽരാജ്യമായ ഇറാനുമായുള്ള ആശയവിനിമയം ഖത്തർ പൂർണമായി അവസാനിപ്പിച്ചിട്ടില്ല. ദീർഘകാലമായി പങ്കുവെക്കുന്ന വാതകശേഖരവും സാമ്പത്തിക താല്പര്യങ്ങളും മുൻനിർത്തി പരസ്പര വിശ്വാസത്തിലൂന്നിയ ബന്ധമാണ് ഇരുരാജ്യങ്ങളും തമ്മിലുള്ളത്. അമേരിക്ക, ഇറാൻ, ഇസ്രാഈൽ എന്നിവർക്കിടയിൽ ശാശ്വത സമാധാനം കൊണ്ടുവരാനായി ഖത്തർ, പാകിസ്താൻ, ഒമാൻ എന്നീ രാജ്യങ്ങൾ മധ്യസ്ഥ ശ്രമങ്ങൾ തുടരുകയാണ്. ജി.സി.സി രാജ്യങ്ങളെയും തുർക്കിയെയും ഉൾപ്പെടുത്തിയുള്ള വിപുലമായ ചർച്ചകളിലൂടെ മാത്രമേ മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കാൻ കഴിയൂ. അതേസമയം, അമേരിക്കയുമായുള്ള പതിറ്റാണ്ടുകൾ നീണ്ട പ്രതിരോധ പങ്കാളിത്തം മൂലം തങ്ങൾക്കെതിരെയുണ്ടായ 90 ശതമാനത്തിലധികം ആക്രമണങ്ങളെയും വിജയകരമായി തടയാൻ കഴിഞ്ഞതായി ഖത്തർ വ്യക്തമാക്കി.

അമേരിക്കൻ സൈനിക സാന്നിധ്യമുള്ള അൽ ഉദൈദ് എയർബേസ് കേന്ദ്രീകരിച്ചുള്ള സുരക്ഷ കൂടുതൽ ശക്തമാക്കും. രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കാൻ മുൻകരുതലുകൾ എടുക്കുമെന്നും, വ്യോമപ്രതിരോധവും സൈബർ സുരക്ഷയും മുൻനിർത്തി മേഖലയിലെ രാജ്യങ്ങളുമായി ചേർന്ന് പുതിയൊരു പ്രതിരോധ സഖ്യം പ്രഖ്യാപിക്കുമെന്നും ഉപപ്രധാനമന്ത്രി അറിയിച്ചു.

ലോകം ഭക്ഷ്യപ്രതിസന്ധിയിലേക്ക്

ന്യൂയോർക്ക്: പശ്ചിമേഷ്യയിലെ യുദ്ധത്തെത്തുടർന്ന് ഹോർമുസ് കടലിടുക്കിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ടത് ലോകത്തെ കടുത്ത ഭക്ഷ്യപ്രതിസന്ധിയിലേക്ക് തള്ളിയിട്ടേക്കുമെന്ന് മുന്നറിയിപ്പ്. പ്രമുഖ സാമ്പത്തിക വിശകലന സ്ഥാപനമായ എസ് ആൻഡ് പി ഗ്ലോബൽ പുറത്തുവിട്ട റിപ്പോർട്ടിലാണ് വരുംവർഷങ്ങളിൽ ഉണ്ടായേക്കാവുന്ന വലിയ ഭക്ഷ്യക്ഷാമത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നത്. ഇന്ധന വിലവർധനവ്, രാസവളങ്ങളുടെ ക്ഷാമം, എൽ നിനോ മൂലം ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ എന്നിവ ഒരേസമയം ആഞ്ഞടിക്കുന്നത് സ്ഥിതിഗതികൾ വഷളാക്കും. ലോകത്ത് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന യൂറിയ വളത്തിന്റെ 29 ശതമാനവും നിർമാണത്തിനാവശ്യമായ സൾഫർ, അമോണിയ എന്നിവയും കടന്നുപോകുന്നത് ഹോർമുസ് കടലിടുക്ക് വഴിയാണ്. യുദ്ധം കാരണം ഈ പാതയിലുണ്ടായ തടസ്സം രാസവള ലഭ്യതയെയും വിലയെയും പ്രതികൂലമായി ബാധിച്ചു. ഇന്ത്യ ഉൾപ്പെടെയുള്ള തെക്കൻ ഏഷ്യൻ രാജ്യങ്ങൾക്ക് ഇത് വലിയ തിരിച്ചടിയാണ്. ബ്രസീൽ, ഓസ്ട്രേലിയ, ഇന്ത്യ തുടങ്ങിയ പ്രധാന കാർഷിക രാജ്യങ്ങളിൽ ഗോതമ്പ്, ചോളം, സോയാബീൻ തുടങ്ങിയവയുടെ ഉൽപ്പാദനം കുത്തനെ കുറയും. യഥാർത്ഥ പ്രത്യാഘാതം 2027ഓടെയാകും വിപണിയിൽ അനുഭവപ്പെടുക എന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

ഭിന്നശേഷി ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവരെ കരുതിയിരിക്കണം: വിസ്ഡം എൻവിഷൻ

കോഴിക്കോട്: ഭിന്നശേഷിക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കാൻ വ്യാജ രേഖകൾ തയ്യാറാക്കി നൽകുന്ന മാഫിയകൾ സജീവമാണെന്നും അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ അധാകൃതർ തയ്യാറാകണമെന്നും വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച 'എൻവിഷൻ' കാഴ്ചപരിമിതരുടെ കുടുംബ സംഗമം അഭിപ്രായപ്പെട്ടു.

'ആനന്ദം' ഭിന്നശേഷിക്കാരുടെ പുനരധിവാസ സർക്കാർ പദ്ധതിയിൽ കാഴ്ചപരിമിതർക്ക് പരിഗണന നൽകുമെന്ന മന്ത്രി കെ എം ഷാജിയുടെ പ്രസ്താവന ശ്ലാഘനീയമാണ്. ഭിന്നശേഷിക്കാരോട് സഹതാപമല്ല പരിഗണനയും അവസരവുമാണ് വേണ്ടതെന്നും സമൂഹം അതിനായി ബദ്ധശ്രദ്ധരാകണമെന്നും 'എൻവിഷൻ' കാഴ്ചപരിമിതരുടെ കുടുംബ സംഗമം അഭിപ്രായപ്പെട്ടു

ഇറാൻ–റഷ്യ ബന്ധം കൂടുതൽ ശക്തമാക്കും: ലാവ്റോവ്

തെഹ്റാൻ: ലോകരാഷ്ട്രങ്ങളെ ആശങ്കയിലാഴ്ത്തി പശ്ചിമേഷ്യൻ സംഘർഷങ്ങൾ തുടരുന്നതിനിടയിൽ, ആഗോള ഊർജ്ജ വിപണിയിൽ വിലയിലെ ഏറ്റക്കുറച്ചിലുകൾ റഷ്യ ഒട്ടും ആഗ്രഹിക്കുന്നില്ലെന്ന് റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവ്. ഔദ്യോഗിക സന്ദർശനത്തിനായി തെഹ്റാനിൽ എത്തിയ അദ്ദേഹം അമേരിക്ക-ഇറാൻ യുദ്ധ സ്ഥിതിഗതികൾ വിലയിരുത്തി.

ലബനന്റെ പരമാധികാരവും സുരക്ഷയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ലാവ്റോവ് ഊന്നിപ്പറഞ്ഞു. യാതൊരു പ്രകോപനവുമില്ലാതെയാണ് അമേരിക്ക തങ്ങൾക്കെതിരെ ആക്രമണം അഴിച്ചുവിട്ടതെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി കുറ്റപ്പെടുത്തി.

കവിതാ സമാഹാരം പ്രകാശനം ചെയ്തു

കൊച്ചി: ലക്ഷദ്വീപിൽ നിന്നുള്ള എഴുത്തുകാരൻ പൂക്കുട്ടി മുഹമ്മദ് കോയ രചിച്ച 'ശലിയം ശുളൽ' എന്ന കവിതാ സമാഹാരം എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടന്ന ചടങ്ങിൽ ഗാനരചയിതാവ് അൻവർ അലി പ്രകാശനം ചെയ്തു. കവയിത്രിയും സാമൂഹിക പ്രവർത്തകയുമായ അമ്പിളി ഓമനക്കുട്ടൻ പുസ്തകം ഏറ്റുവാങ്ങി. ലക്ഷദ്വീപിൽ സംസാരിക്കുന്ന ജസരി ഭാഷയിലുള്ള ആദ്യ കവിതാ സമാഹാരമാണിത്. ചടങ്ങിൽ മുഖ്യാതിഥിയായ ജസ്റ്റിസ് എസ്.മനു ഗ്രന്ഥകാരൻ പൂക്കുട്ടി മുഹമ്മദ് കോയയെ പൊന്നാടയണിയിച്ചു. എഴുത്തുകാരൻ രാംദാസ് കടവല്ലൂർ, പബ്ലിക് പ്രോസിക്യൂട്ടർ ജിബിൻ ജോസഫ് എന്നിവർ സംബന്ധിച്ചു. ജസരി നിഘണ്ടു, ലക്ഷദ്വീപിന്റെ കാണാപ്പുറങ്ങൾ, നിങ്ങൾക്കറിയാമോ ബിത്ര ദ്വീപ്, ലക്ഷദ്വീപ് ഒറ്റ നോട്ടത്തിൽ തുടങ്ങിയവയാണ് പൂക്കുട്ടി മുഹമ്മദ് കോയയുടെ മറ്റു കൃതികൾ. രാഷ്ട്രപതിയുടെ പുരസ്കാരങ്ങൾ നേടിയിട്ടുള്ള അദ്ദേഹം കേന്ദ്ര സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ മെമ്പറും, സാഹിത്യ അക്കാദമി മലയാളം അഡ്വൈസറി മെമ്പറുമാണ് കൂടിയാണ്.

പൂക്കുട്ടി മുഹമ്മദ് കോയ രചിച്ച 'ശലിയം ശുളൽ' എന്ന കവിതാ സമാഹാരം എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടന്ന ചടങ്ങിൽ അമ്പിളി ഓമനക്കുട്ടന് നൽകി ഗാനരചയിതാവ് അൻവർ അലി പ്രകാശനം ചെയ്യുന്നു. ജസ്റ്റിസ് എസ്.മനു സമീപം

ഗാന്ധിയൻ കളക്ടീവിന്റെ അഭിമുഖ്യത്തിൽ വിവിധ സാമൂഹ്യ സംഘടനാ പ്രവർത്തകർ കച്ചേരിപ്പടി ഗാന്ധിസ്ക്വയറിൽ നിന്നും ഹൈക്കോടതി ജംഗ്ഷനിലേയ്ക്ക് നടത്തിയ പദയാത്ര പ്രൊഫ. കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു

അതാവുല്ല ഖാൻ ഡയറക്ടർ

കൊയിലാണ്ടി: ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല കൊയിലാണ്ടി പ്രാദേശികകേന്ദ്രം ഡയറക്ടറായി ഡോ. അതാവുല്ല ഖാൻ കെ.സിയെ നിയമിച്ച് കലാശാല രജിസ്ട്രാർ ഉത്തരവായി. നിലവിൽ ഉർദു വിഭാഗം മേധാവിയും സീനിയർ പ്രഫസറുമാണ്.

ഗ്യാനേഷ്കുമാറിന്റെ രാജി ആവശ്യപ്പെട്ട് പദയാത്ര നടത്തി

കൊച്ചി: ഇന്ത്യയിൽ ഇപ്പോൾ നടന്നുവരുന്ന തിരഞ്ഞെടുപ്പ് അഴിമതികൾ അവസാനിപ്പിച്ച് പേപ്പർ ബാലറ്റ് വോട്ടിംഗ് രീതി തിരികെ കൊണ്ടുവരണമെന്ന് മഹാരാജാസ് കോളേജ് മുൻ പ്രിൻസിപ്പാൾ പ്രൊഫ. കെ. അരവിന്ദാക്ഷൻ. ഗാന്ധിയൻ കളക്ടീവിന്റെ അഭിമുഖ്യത്തിൽ വിവിധ സാമൂഹ്യ സംഘടനാ പ്രവർത്തകർ കച്ചേരിപ്പടി ഗാന്ധിസ്ക്വയറിൽ നിന്നും ഹൈക്കോടതി ജംഗ്ഷനിലേയ്ക്ക് നടത്തിയ പദയാത്രയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

എസ്. ഐ.ആർ പിൻവലിച്ച് തെരഞ്ഞെടുപ്പ് അഴിമതിക്ക് ചുക്കാൻ പിടിച്ച ഗ്യാനേഷ് കുമാർ രാജിവയ്ക്കണമെന്നും സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെ ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് കമ്മീഷൻ പുനസ്ഥാപിക്കണമെന്നും ഹൈക്കോർട്ട് ജംഗ്ഷനിൽ നന്നെ സമാപന സമ്മേളനത്തിൽ പ്രസംഗിച്ച മുൻ എം.പി. തമ്പാൻ തോമസ് ആവശ്യപ്പെട്ടു. അഡ്വ. വി.എം. മൈക്കിൾ അധ്യക്ഷത വഹിച്ചു. പ്രൊഫ.കെ. പി.ശങ്കരൻ, സി. ആർ. നീലകണ്ഠൻ, കെ.വി. ബിജു, ഫെലിക്സ് പുല്ലുടൻ, ആദം അയൂബ്, പി.എ.പ്രേംബാബു, കെ.വി.ബിജു, എൻ.എസ്. രാജേശ്വരി, അഡ്വ. ജേക്കബ് പുളിക്കൻ, വി. എം.ലോറൻസ്, സുബ്രഹ്മണ്യം, മുരളി കണ്ണമ്പിള്ളി, കെ. പി. സാൽവിൻ, ഹുസൈൻ ബദ്‌രി, തനു തോമസ്, ഡോ.ബാബു ജോസഫ്, കബീർ ഷാ തുടങ്ങിയവർ പ്രസംഗിച്ചു.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷൻ ഗ്യാനേഷ്കുമാറിനെ പുറത്താക്കണമെന്നാവശ്യപ്പെട്ട് എസ്. ടി. യു അടൂർമണ്ഡലംകമ്മിറ്റി നടത്തിയ പ്രതിഷേധസംഗമം ജില്ല പ്രസിഡന്റ് അയ്യൂബ് കുമ്മണ്ണൂർ ഉദ്ഘാടനം ചെയ്യുന്നു

എസ് ടി യു പ്രതിഷേധ സംഗമം

പന്തളം: മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷൻ ഗ്യാനേഷ്കുമാറിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് എസ്. ടി. യു അടൂർമണ്ഡലംകമ്മിറ്റിപ്രതിഷേധസംഗമം നടത്തി. ഷെരീഫ് എംഎസ്ബിആറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം എസ് ടി. യു ജില്ല പ്രസിഡന്റ് അയ്യൂബ് കുമ്മണ്ണൂർ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി മൻസൂർ പന്തളം ഡൽഹിയിൽ നടക്കുന്ന സമരങ്ങൾക്ക് അഭിവാദ്യങ്ങളർപ്പിച്ചു. മുസ്‌ലിം ലീഗ് മുനിസിപ്പൽ പ്രസിഡന്റ് മാലിക് മുഹമ്മദ്, ജനറൽ സെക്രട്ടറി കാസിം, മുജീബ് ചേരിക്കൽ, സൈനുദ്ദീൻ ബർക്കത്ത്, സൈനുദ്ദീൻ, നിസാം, ഷാലുഖാൻ, മുഹമ്മദ് മുസ്തഫ, ഷാജഹാൻ കുമ്മണ്ണൂർ, മുഹമ്മദ് ബഷീർ, നിസാർ കോന്നി, മുഹമ്മദ് സാദിക്ക് എന്നിവർ സംസാരിച്ചു.

ചന്ദ്രിക
Disclaimer: ഈ പത്രത്തിൽ പ്രസിദ്ധീകരിച്ച ഏതെങ്കിലും പരസ്യങ്ങളോടു പ്രതികരിക്കും മുമ്പ് അതിന്റെ സത്യാവസ്ഥയെ കുറിച്ച് പരിശോധിക്കുകയും ആവശ്യമായ അന്വേഷണങ്ങൾ നടത്തി സ്വയം തൃപ്തരാകുകയും വേണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ഈ പത്രത്തിന്റെ ഉടമസ്ഥരായ ദി മുസ്‌ലിം പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി ലിമിറ്റഡ് ഏതെങ്കിലും പരസ്യത്തിന്റെയോ പരസ്യക്കാരന്റെയോ ഏതെങ്കിലും പരസ്യക്കാരന്റെ ഉൽപന്നങ്ങളുടെയോ/സേവനത്തിന്റെയോ ആധികാരികതയെ സംബന്ധിച്ച് ഉറപ്പു നൽകുന്നില്ല. ഈ ദിനപത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള അവകാശവാദങ്ങൾക്കോ നഷ്ടങ്ങൾക്കോ ഒരു കാരണത്താലും ഈ ദിനപത്രത്തിന്റെ/കമ്പനിയുടെ ഉടമസ്ഥർ, പ്രസാധകർ, പ്രിന്റർ, പത്രാധിപർ, ഡയറക്ടർമാർ, തൊഴിലാളികൾ ഉത്തരവാദികളോ/ബാധ്യസ്ഥരോ ആയിരിക്കുന്നതല്ല.

കേരള സംസ്ഥാന ഭാഗ്യക്കുറി BHAGYATHARA BT-76 DRAW RESULT 19/10/2026

സമ്മാനം	നമ്പറുകൾ
ഒന്നാം സമ്മാനം ₹ 1 കോടി	BX 224385 (കോഴിക്കോട്)
സമാശ്വാസ സമ്മാനം ₹ 5000	BN 224385 BO 224385 BP 224385 BR 224385 BS 224385 BT 224385 BU 224385 BV 224385 BW 224385 BY 224385 BZ 224385
രണ്ടാം സമ്മാനം ₹ 30 ലക്ഷം	BZ 566280 (തിരുവനന്തപുരം)
മൂന്നാം സമ്മാനം ₹ 5 ലക്ഷം	BN 357129 (ഇടുക്കി)
താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്	
നാലാം സമ്മാനം ₹ 5000	1022 1525 1662 1718 2347 2698 3088 3583 4441 5032 5903 6046 6926 7183 7603 7608 7845 8898 8947
അഞ്ചാം സമ്മാനം ₹ 2000	1231 4156 6644 7731 9235 9892
ആറാം സമ്മാനം ₹ 1000	1627 1966 2162 2457 2590 2722 2860 3111 3707 3752 3928 4074 4142 4169 4732 5292 5339 5533 5684 5860 5862 6466 8513 8522 9355
ഏഴാം സമ്മാനം ₹ 500	0111 0467 0609 0804 0882 0920 0997 1332 1386 1526 1899 1955 2000 2437 2533 2746 2870 2907 3458 3575 3609 3670 3688 3797 3891 4166 4192 4297 4301 4426 4454 4522 4531 4833 4953 4988 4998 5132 5253 5514 5667 5817 5839 5983 6323 6468 6526 6617 6906 6910 7128 7148 7282 7356 7649 7663 7830 7991 8006 8089 8184 8223 8301 8620 8664 8688 8728 8912 8932 9016 9198 9227 9540 9585 9667 9870
എട്ടാം സമ്മാനം ₹ 200	0055 0438 0452 0516 0575 0584 0633 0745 0773 0803 1092 1242 1320 1583 2105 2125 2263 2324 2389 2393 2403 2454 2463 2497 2623 2859 2976 3112 3197 3215 3224 3242 3316 3486 3629 3847 3849 3859 3949 3962 4145 4334 4413 4573 4855 4892 5141 5189 5205 5223 5411 5417 5603 5615 5672 5722 5818 5892 5924 5927 6036 6058 6069 6730 6804 6843 7047 7161 7221 7466 7605 7703 7755 7939 8085 8286 8291 8398 8493 8541 8543 8558 8592 8674 8726 8796 8831 8893 8917 9506 9526 9736 9866 9912
ഒൻപതാം സമ്മാനം ₹ 100	0133 0199 0226 0236 0251 0273 0352 0469 0481 0487 0709 0813 0910 0919 1063 1138 1147 1150 1193 1214 1265 1299 1412 1471 1478 1507 1645 1717 1805 2128 2343 2489 2553 2604 2676 2716 2873 2875 2977 2991 3007 3008 3126 3136 3308 3361 3501 3749 3765 3898 3964 4059 4122 4279 4312 4315 4322 4496 4530 4559 4607 4724 4739 4837 4977 5095 5175 5208 5282 5326 5367 5390 5462 5534 5547 5554 5580 5710 5747 5760 5948 5977 6032 6045 6052 6241 6242 6448 6465 6542 6571 6573 6592 6604 6616 6647 6657 6783 6806 6832 6880 7121 7127 7279 7306 7348 7470 7629 7635 7661 7712 7757 7889 7891 7968 7998 8013 8118 8197 8207 8277 8349 8355 8422 8429 8439 8509 8535 8551 8703 8808 8813 8905 8962 9055 9072 9228 9476 9518 9542 9622 9677 9874 9919

www.statelottery.kerala.gov.in

TENDER NOTICE
KUNIYA GROUP OF INSTITUTIONS, Kuniya, Kasaragod, Kerala For
CAMPUS CANTEEN
(Veg & Non-Veg)
Requirements:
FSSAI License, Profile, Menu & Rates, Financial Offer & Operational Plan.
Last Date: October 24, 2026
Ph: 7736952449, 9447017148
e-mail: admin@kmmt.in
admin@kiu.org.in

ചന്ദ്രിക
ക്ലാസി ഫൈഡ്സ്
അറിയിപ്പ്
എനിക്ക് ദേവികുളം സബ് രജിസ്ട്രാർ വക 2019 ലെ 1711-ാം നമ്പരായി ലഭിച്ച ആധാരം, ആനവിരട്ടി വില്ലേജിൽ ബ്ലോക്ക് നമ്പർ 11 ൽ തണ്ടപ്പേർ നമ്പർ 1347 ൽ കൊണ്ട് കിടക്കുന്ന വസ്തുവിന്റെ ആധാരം നഷ്ടപ്പെട്ടു പോയിട്ടുള്ളതാകുന്നു. ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പിയെടുത്ത് പട്ടിക വസ്തു പണയപ്പെടുത്തുന്നതിനും ക്രയവിക്രയം ചെയ്യുന്നതിനും ഇതര കരണങ്ങൾ ജനിപ്പിക്കുന്നതിനും ആക്ഷേപമോ പരാതിയോ ഉള്ളവർ ഈ പരസ്യ തീയതി മുതൽ 7 ദിവസത്തിനകം രേഖാമൂലം ബന്ധപ്പെട്ട ദേവികുളം സബ് രജിസ്ട്രാർ ഓഫീസിൽ അറിയിക്കണം.
ബോണി ബോസ് ജോൺ
കോച്ചേരിയിൽ,ഐ ടി ഡി
മൂന്നാർ പി.ഒ , മൂന്നാർ, ദേവിക്കുളം
ഇടുക്കി. ഫോൺ 9447278057

ECO HOTELS®
A CARBON RUTRAL BRAND
ഇക്കോ ഹോട്ടൽസ് ആൻഡ് റിസോർട്സ് ലിമിറ്റഡ്
കോർപ്പറേറ്റ് ഐഡന്റിഫിക്കേഷൻ നമ്പർ:L55101KL1987PLC089987
രജിസ്ട്രേഡ് ഓഫീസ്: 67/6446, ബേസിൻ റോഡ്, കൊച്ചി, എറണാകുളം ഹൈക്കോടതിക്ക് സമീപം, എറണാകുളം 682031, കേരള, ഇന്ത്യ.
കോർപ്പറേറ്റ് ഓഫീസ്: ബ്ലോക്ക് നമ്പർ 4, രണ്ടാം നില, രാജ് മഹൽ ബിൽഡിംഗ്, വീർ നരിമാൻ റോഡ്, ചർച്ച്ഗേറ്റ്, മുംബൈ, മഹാരാഷ്ട്ര, ഇന്ത്യ; 400020, ഫോൺ: +91 22 44550546
ബന്ധപ്പെടേണ്ട വ്യക്തി: ശ്രീ. ഹീന സുപാഡിയ, കമ്പനി സെക്രട്ടറി & കംപ്ലയിൻസ് ഓഫീസർ
ഇമെയിൽ: investor.relations@ecohotels.in; വെബ്സൈറ്റ്: www.ecohotels.in
ഭാഗികമായി പണം അടച്ച റൈറ്റ് ഇഷ്യൂ ഇക്വിറ്റി ഷെയറുകൾ കണ്ടുകെട്ടുന്നതിനുള്ള അറിയിപ്പ്
'ഇക്കോ ഹോട്ടൽസ് ആൻഡ് റിസോർട്സ് ലിമിറ്റഡ്" (Eco Hotels and Resorts Limited)-ലെ ഓഹരിയുടമകളെ അറിയിക്കുന്നത്: 2013ലെ കമ്പനീസ് നിയമം, അതിനു കീഴിലുള്ള ചട്ടങ്ങൾ, കമ്പനിയുടെ 'ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ', SEBI (ലിസ്റ്റിംഗ് ഒബ്ലിഗേഷൻസ് ആൻഡ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റെഗുലേഷൻസ് 2015ലെ ബാധകമായ വ്യവസ്ഥകൾ, മറ്റ് അനുബന്ധ നിയമങ്ങൾ എന്നിവ പ്രകാരം, 2026 ഒക്ടോബർ 13ന് ചേർന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം, 13,61,580 ഇക്വിറ്റി ഓഹരികൾ കണ്ടുകെട്ടാൻ അംഗീകാരം നൽകിയിരിക്കുന്നു. 10 രൂപ മുഖവിലയുള്ള ഈ ഓഹരികൾ ഭാഗികമായി മാത്രം പണമടച്ചവയാണ്, ഇവയുടെ ഒന്നാം കോൾ, രണ്ടാം കോൾ, മൂന്നാമത്തെയും അവസാനത്തെയും കോൾ തുകകൾ ഇതുവരെ അടച്ചിട്ടില്ല. 2026 ജൂലൈ 25, ഓഗസ്റ്റ് 17 തീയതികളിൽ യഥാക്രമം അയച്ച ഒന്ന്, രണ്ട്, മൂന്നാമത്തെയും അവസാനത്തെയും കോൾ തുക അടയ്ക്കാനുള്ള ഓർമ്മപ്പെടുത്തൽ നോട്ടീസുകളും, തുടർന്ന് 2026 ഒക്ടോബർ 16ന് അയച്ച 'ഓഹരി കണ്ടുകെട്ടൽ നോട്ടീസും' നൽകിയിട്ടും, കോൾ തുക അടയ്ക്കാത്തതിനാലാണ് ഈ ഓഹരികൾ കണ്ടുകെട്ടാൻ തീരുമാനിച്ചത്. 2026 ഒക്ടോബർ 16ലെ ഈ കണ്ടുകെട്ടൽ നോട്ടീസ്, ബന്ധപ്പെട്ട ഓഹരിയുടമകൾക്ക് 2026 ഒക്ടോബർ 16ന് തന്നെ ഇലക്ട്രോണിക് മാർഗ്ഗത്തിലൂടെയും, 2026 ഒക്ടോബർ 17ഓടെ നേരിട്ടുള്ള മാർഗ്ഗത്തിലൂടെയും അയച്ചു നൽകിയിട്ടുണ്ടെന്ന് കമ്പനി അറിയിക്കുന്നു.
ഇക്കോ ഹോട്ടൽസ് ആൻഡ് റിസോർട്ട്സ് ലിമിറ്റഡിനുവേണ്ടി
(ഒപ്പ്), വിനോദ് കുമാർ ത്രിപാഠി
എക്സിക്യൂട്ടീവ് ചെയർമാൻ
DIN: 00798632
സ്ഥലം: എറണാകുളം
തീയതി: 19.10.2026

ഡിപ്ലോമ ഇൻ കൗൺസിലിംഗ്
ഡിപ്ലോമ ഇൻ ഡിസെബിലിറ്റി [LD]
ഡിപ്ലോമ ഇൻ HA / GDA
ഡിപ്ലോമ ഇൻ മോണ്ടിസോറി
ഡിപ്ലോമ ഇൻ അക്യുപങ്ചർ
ഡിപ്ലോമ ഇൻ ഡയറ്റീഷ്യൻ
ഡിപ്ലോമ ഇൻ ചൈൽഡ് സൈക്കോളജി
ഡിപ്ലോമ ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ്
ലീഡർഷിപ്പ് ട്രെയിനിംഗ്
ബിസിനസ് ട്രെയിനിംഗ്
കോർപ്പറേറ്റ് ട്രെയിനിംഗ്
GLOCAL UNIVERSITY
K M NASSAR
CORPORATE TRAINER & MOTIVATION SPEAKER
(WORLD BOOK OF RECORD HOLDER)

KSF CAMPUS LLP
1st Floor, Manavalan Building,
Near Lissie Metro Station,
Kaloor, Ernakulam. 682018
KOCHI- CHENNAI- BANGALORE- DUBAI
CONTACT:- 0484355470
9947438565 - 9562978462 - 8547536629
www.Keralaspeechfoundation.com